കേരള സർക്കാർ

# അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി4)2034/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം, സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 30.11.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്നു

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടേയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. ഓഫീസ് പകർപ്പ്

.

നം.കെ.എസ്.എ.ഇകെഎം(പി4)2034/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ്കാര്യാലയം, എറണാകുളം സിവിൽ സ്റ്റേഷൻ, കാക്കനാട്-682030

ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 30.11.2017

## എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക ഓഡിറ്റ് ചെയ്തു. പഞ്ചായത്ത് 1.4.16മുതൽ 31.3.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | എസ്. വിജയകുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ<br>27.10.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ പോളി.ടി.ഒ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കവിത ദേവി.വി<br>അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ശ്രീജിത്ത്.സി.ഡി<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി നീതു അനു | 01-04-16 | 31-3-17 |
| സെക്രട്ടറി | ശ്രീ സി മണികണ്ഠൻ | 01.04.16 | 29-07-16 |
| | ശ്രീ ബിനോയ് മത്തായി<br>( ഇൻ ചാർജ്ജ് ) | 30-07-2016 | 21-11-2016 |
| | ശ്രീ എം.എൻ ഹരികുമാർ | 22-11-2016 | 31-03-2017 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ.ബഷി.വി.ജി. | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ മഞ്ജു ജോൺ | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.അമ്പിളി കെ.എസ് | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സെറിൻ കര്യാക്കോസ് | 01.04.2016 | 9.12.2016 |
| | ഡോ.രേണക.പി | 10.12.2016 | 24.03.2017 |
| | ഡോ. സെറിൻ കര്യാക്കോസ് | 25.03.2017 | 31.03.2017 |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി K. G ശ്രീമതി | 01-04-16 | 31-3-17 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-ചുള്ളി | ശ്രീ.സുമേഷ്.എ.വി | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -അയ്യമ്പുഴ | ശ്രീ റെജി ടി ആർ | 01-04-2016 | 31-03-2017 |
| ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് | ശ്രീമതി.മോളി.കെ.പി | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.ഷൈലേഷ് | 01-04-2016 | 30-11-2016 |
| | ഡോ. രണരാജ് | 01-12-2016 | 31-3-2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അനപ്രിയ | 01-04-2016 | 17-08-2016 |
| | ശ്രീമതി.ശ്രീജ.ജി | 18-08.2016 | 28-11-2016 |
| | ശ്രീമതി.സൗമ്യ.പി | 29-11-2016 | 31-03-2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. സജീവ്കുമാർ. ടി. ആർ | 01.04.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to1-11 |
| | ഭാഗം -2 | |
| 2 | ലൈസൻസ് ഇല്ലാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിന് വൻ വരുമാന നഷ്ടം | 2-1 |
| 3 | വസ്തു നികുതി നിർണ്ണയിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറവായി രേഖപ്പെടുത്തി നികുതി നഷ്ടം | 2-2 |
| | ഭാഗം -3 | |

| | | |
|---|---|---|
| 4 | ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപാകതകൾ | 3-1 |
| 5 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നില്ല. | 3-2 |
| 6 | മൂലമറ്റം കുടിവെള്ള പദ്ധതി-പൊതു ടാപ്പുകൾ-എന്നിവയുടെ വെള്ളക്കരം അടവ് അപാകത | 3-3 |
| 7 | മുൻകൂർ പണം നല്കി-മരുന്ന് ലഭിച്ചിട്ടില്ല. | 3-4 |
| 8 | മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ | 3-5 |
| 9 | ലെവലിങ് കോഴ്സ് പ്രവൃത്തി - അധിക നിരക്ക് നൽകി. | 3-6 |
| 10 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കോൺക്രീറ്റ് കട്ട നിർമാണം | 3-7 |
| 11 | പാലിയേററീവ് - വാഹനവാടക – ആദായനികുതി ഈടാക്കണം | 3-8 |
| 12 | ക്ഷേമ പെൻഷനുകൾ-വിതരണം -കാര്യക്ഷമമല്ല. | 3-9 |
| 13 | ഐസിഡിഎസ് സെൻടൽ – ഷെയർ പൂർണ്ണമായി വിനിയോഗിക്കുന്നില്ല. | 3-10 |
| | ഭാഗം -4 | |
| 14 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to4-9 |
| | അനുബന്ധങ്ങൾ | |
| 15 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 16 | ഓഡിറ്റു ചെയ്ത ബാലൻസ് ഷീറ്റിന്റെ പകർപ്പ് | അനുബന്ധം2 |
| 17 | ഓഡിറ്റു ചെയ്ത ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം3 |
| 18 | ഓഡിറ്റു ചെയ്ത റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിന്റെ പകർപ്പ് | അനുബന്ധം4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 02.03.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം |
|---|---|---|
| വരവ് | 13,17,88,000 | 4,31,42,271 |
| ചെലവ് | 13,53,20,000 | 4,22,58,724 |

മേൽ കണക്കുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഇ.എഫ്.എം.എസ് തുകയായ 3.47 കോടിരൂപയും സാമൂഹ്യക്ഷേമ പെൻഷൻ ഇനത്തിൽ ഡി.ബി.ടി യായി നൽകിയ 2.07 കോടി രൂപയും ഉൾപ്പെടുന്നില്ല.മേൽ കണക്കുകൾ ചേർക്കുമ്പോഴും ബജറ്റും വാർഷിക കണക്കുകളും തമ്മിൽ 3 കോടിയിലധികം രൂപയുടെ വ്യത്യാസം കാണുന്നുണ്ട്.

തൊഴിൽ നികുതിയായി പ്രതീക്ഷിച്ചത് 30,00,000 രൂപയാണ്. എന്നാൽ ലഭിച്ചത് 9,62,510 രൂപയാണ്.പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിക്കാൻ തീരുമാനിച്ചതിനാലാണ് ഇത്ര വലിയ തുക ബജറ്റിൽ ഉൾപ്പെടുത്തിയതെന്നാണ് മറുപടിയിൽ സൂചിപ്പിച്ചിരിക്കുന്നത്. പഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ പഞ്ചായത്ത് ഓഡിറ്റ് വർഷം വിജയിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

ബജറ്റ് സ്റ്റേറ്റ്മെന്റ്-4 ൽ സന്നദ്ധ സംഘങ്ങളിൽ നിന്ന് 5,00,000 രൂപ പ്രതീക്ഷിച്ചിരുന്നതായി കാണുന്നു.ഇത്തരം വരവുകളുടെ വ്യക്തമായ വിവരം ബജറ്റിൽ ഉണ്ടാകേണ്ടതാണ്.തൊഴിലുറപ്പ് പദ്ധതിയുടെ പഞ്ചായത്ത് അംഗീകരിച്ച ലേബർ ബജറ്റ് 4,44,94,702 രൂപയാണ്.അതിന്റെ കൂടെ 10-12 ലക്ഷം അഡ്മിനിസ്ട്രേറ്റീവ് ചെലവുകളും പ്രതീക്ഷിക്കാം.എന്നാൽ ഈ ഇനത്തിൽ 5,07,00,000 രൂപ പ്രതീക്ഷിച്ചത് യുക്തിസഹമല്ല.

ഭാവിയിൽ ബജറ്റു തയ്യാറാക്കുമ്പോൾ ടി വസ്തുതകൾ പരിഗണിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 21.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രികയിൽ കാര്യമായ അപാകതകൾ കാണുന്നില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| വർഷം | 2016-17 |
|---|---|
| മുന്നിരിപ്പ് | 86,82,632 |
| വരവ് | 4,31,42,271 |
| ആകെ | 5,18,24,903 |
| ചെലവ് | 4,22,58,724 |
| നീക്കിയിരിപ്പ് | 95,66,179 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 76,72,293 | 52,07,709 | 67.88 |
| വികസനഫണ്ട് - എസ്.സി.പി. | 41,30,982 | 30,78,292 | 74.52 |
| വികസനഫണ്ട് - ടി.എസ്.പി. | 73,956 | 6,000 | 8.11 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 1,91,23,512 | 1,58,33,130 | 82.79 |
| സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 26,52,533 | 24,39,732 | 91.98 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 48,13,470 | 28,93,544 | 60.11 |
| ലോകബാങ്ക് ധനസഹായം | 22,43,606 | 9,70,953 | 43.28 |
| ബി. ഫണ്ട് | 2,08,12,613 | 2,08,12,613 | 100 |
| എം.ജി.എൻ.ആർ. ഇ.ജി.എസ്. | 3,58,86,011 *(മുന്നിരിപ്പ് രൂ. 1,427,ഇ.എഫ്.എം.എസ് 3,47,83,372 ഉൾപ്പെടെ)* | 3,58,76,047 | 9,964 (നീക്കിയിരിപ്പ്) |

# 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 157 | 4,24,13,812 | 108 | 3,08,23,350 | 14 | 35 | 72.67 |

# 1-7 <u>തനത് ഫണ്ട്</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 26,56,267 | 31,33,705 | 4,77,438 | 17.97 |
| നികുതിയേതര | 6,71,156 | 4,09,483 | (-)2,61,673 | (-)38.99 |

| | | | | |
|---|---|---|---|---|
| വരവുകൾ | | | | |
| മറ്റുവരവുകൾ | 1,12,933 | 24,138 | (-)88,795 | (-)78.63 |
| ആകെ | 34,40,356 | 35,67,326 | 1,26,970 | 3.69 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 24,360 | 18 |
| കർഷകതൊഴിലാളി പെൻഷൻ | 15,29,950 | 225 |
| വിധവാപെൻഷൻ | 40,56,000 | 448 |
| വാർദ്ധക്യകാലപെൻഷൻ | 1,35,04,345 | 1310 |
| വികലാംഗപെൻഷൻ | 13,54,890 | 165 |
| അവിവാഹിതകളായ 50 വയസ്സിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള ധനസഹായം | 1,61,200 | 22 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 1,40,000 | 5 |

# 1-9 കാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,315രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.

പദ്ധതികളുടെ മോണിട്ടറിംഗ് കൃത്യമായി നടക്കുന്നില്ല. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വിതരണ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്ററർ, കണ്ടിജന്റ് ബിൽ രജിസ്റ്റർ എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്. ഫയൽ ട്രാക്കിംഗ് സംവിധാനം കാര്യക്ഷമമാണ്.

.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06.07.2017 -07.07.2017 | 06/2017 | 22.09.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.11.2014 -01.12.2014 | 2009-10 മുതൽ 2013-14 വരെ | 29.12.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ലൈസൻസ് ഇല്ലാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്തിന് വൻ വരുമാന നഷ്ടം

അസ്സസ്സ്മെന്റ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ കൊമേഴ്സ്യൽ ഒക്കുപൻസി ലഭിച്ച 510 സ്ഥാപനങ്ങൾ ഉണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം 82 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. കേവലം 82 സ്ഥാപനങ്ങൾ മാത്രമാണ് ഈ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ എന്നും ഭൂരിഭാഗം കെട്ടിങ്ങളും ഉപയോഗമില്ലാതെ കിടക്കുകയാണ് എന്നുമാണ് ഇതിനർത്ഥം. ഇത് തികച്ചും അവിശ്വസനീയമാണ്. ലൈസൻസില്ലാതെ അനേകം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്ന് ഇതിൽ നിന്നും സ്പഷ്ടമാണ്. ഇതുമൂലം ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ ഗ്രാമപഞ്ചായത്തിൽ ഭീമമായ നഷ്ടം ഉണ്ടാകുന്നുണ്ട്. ആയതിനാൽ കൊമേഴ്സ്യൽ ഒക്കുപൻസി ലഭിച്ച എല്ലാ കെട്ടിടങ്ങളിലും പരിശോധന നടത്തി നടപടി സ്വീകരിക്കേണ്ടതും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നി ഇനങ്ങളിൽ ലഭിക്കുവാനുള്ള തുകകൾ കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്. വിഷയത്തിൽ ധനകാര്യ സ്ഥിരം സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-2 വസ്തു നികുതി - കെട്ടിടത്തിന്റെ വിസ്തീർണ്ണം കുറവായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു- നികുതി നഷ്ടം

അസസ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ കെട്ടിടത്തിന്റെ ശരിയായ വിസ്തീർണ്ണത്തേക്കാൾ കുറഞ്ഞ വിസ്തീർണ്ണമാണ് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി വസ്തു നികുതി നിർണ്ണയിച്ചത് . ആയതിനാൽ വസ്തു നികുതി ഇനത്തിൽ താഴെ പറയും പ്രകാരം കുറവ് വന്നിട്ടുണ്ട്.

| വാർഡ് നമ്പരും കെട്ടിട നമ്പരും | അസസ്മെന്റ് രജിസ്റ്റർ പ്രകാരം (ഇതര വ്യവസായം) അസ്സസ്സ്മെന്റ് - 2014-15 | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം | ലഭിക്കേണ്ട നികുതി | |
|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| പേരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/ Floor | (ച.മീറ്ററിന് 40 രൂപാ നിരക്കിൽ) | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.)/ Floor | (ച.മീ.ന് 50 രൂപ നിരക്കിൽ) | | |
| XII/ 212 C / ടി.സി ജോൺസൻ | 1225.55 $m^2$ | 58,826 +2942(5% Lc)(40/$m^2$ & 20% വർദ്ധനവ് റോഡ്) | 1176.52 $m^2$ | 58,826 + 2942(5% Lc)(50/$m^2$ | 73,533+ 3677(Lc) (1225.55 $m^2$ x (50/$m^2$ & 20% വർദ്ധനവ് (റോഡ്)സൗകര്യം | = 15,442/- രൂപ |
| XII/ 212 C/ടി.സി ജോൺസൻ | 366.39 $m^2$ | 17,587 +880(5% Lc)(40/$m^2$ & 20% വർദ്ധനവ് റോഡ്)സൗകര്യം | 351.74 $m^2$ | 17,587+880 (5% Lc)(50/$m^2$ ) | 21,984+ 1,100(Lc) (366.39 $m^2$ x (50/$m^2$ & 20% വർദ്ധനവ് (റോഡ്)സൗകര്യം | = 4,617/- |
| XII/ 102 A /ബേബി മത്തായി | 195.43 $m^2$ | 7818 + 391(5% Lc)(40/$m^2$) | 156.36 $m^2$ | 7818 + 391(5% Lc)(50/$m^2$) | 9,772+489(Lc) (195.43 $m^2$ x (50/m2 & ) | 2,052/- |
| VIII/154A ജോർജ് മംഗലി | 992.5 $m^2$ | 47,640 +2,382(5% Lc)(40/$m^2$ & 20% വർദ്ധനവ് റോഡ്)സൗകര്യം | 794 $m^2$ | 47,640+ 2,382(5% Lc)(50/$m^2$ & 20% വർദ്ധനവ് റോഡ്)സൗകര്യം | 59,550+ 2,978(Lc) (992.5 m2 x (50/$m^2$ & 20% വർദ്ധനവ് റോഡ്)സൗകര്യം | 12,506/- |
| ആകെ നഷ്ടം | | | | | 34,617/- | |

കെട്ടിടത്തിന്റെ വിസ്തീർണ്ണത്തിൽ കുറവ് വരുത്തി സഞ്ചയയിൽ ഉൾപ്പെടുത്തിയതിന് വിശദീകരണം നൽകിയിട്ടില്ല. മേൽ കെട്ടിടങ്ങൾ 2014-15 വർഷം അസസ്സ് ചെയ്തതിനാൽ ആ വർഷം മുതൽ കുറവ് വന്നിട്ടുണ്ട്.നികുതിയിനത്തിൽ കുറവു വന്ന തുക കുടിശ്ശിക സഹിതം ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടി ലഭിച്ചില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ അപാകതകൾ

അയ്യമ്പുഴ ഗ്രാമ പഞ്ചായത്തിലെ വിവിധ പദ്ധതികൾക്ക് വേണ്ടി നടത്തിയ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് യുക്തി സഹമല്ലാത്തതും വിവിധ സർക്കാർ ഉത്തരവുകൾ, സബ്സിഡി മാർഗ്ഗ രേഖ എന്നിവയ്ക്ക് അനുസൃതമല്ലെന്നും പരിശോധനയിൽ വ്യക്തമായി.താഴെ

പല പദ്ധതികൾക്കും ഗുണഭോക്തൃലിസ്റ്റിലെ ക്രമ നമ്പർ അനുസരിച്ചായിരുന്നില്ല ധനസഹായം അനുവദിച്ചിരുന്നത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

( എ ) – S013-പൈപ്പ് കണക്ഷൻ ( SC )

( ബി ) – SO09/17- ഉറസ്സായ കിണർ ശുചിത്വ കിണർ ആക്കി മാറ്റൽ ( SC )

( സി )- S08/17-കുടിവെള്ള നിർമ്മാണം ( SC )

( ഡി )- S07/17-വീട് പരിഷ്കരണം ( SC വനിതകൾ )

( ഇ )- S06/17-വീട് പുനരുദ്ധാരണം ( SC )

( എഫ് )-S04/17-ആശ്രയ പദ്ധതി വീട് പരിഷ്കരണം

( ജി )-S116/17- ആശ്രയ പദ്ധതി-വീട് പരിഷ്കരണം ( S.O )

( എച് )-S150/17- വീട് അപ്ഗ്രഡേഷൻ വിധവകൾക്ക് ( S.O)

( ഐ )-S114/17-വീട് പുനരുദ്ധാരണം ( S.O)

( ജെ )-S121/17-ലാപ് ടോപ് വിതരണം ( S.C )

ഇതിന് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ നൽകിയ മറുപടി ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകളിലേക്ക് വിരൽ ചൂണ്ടുന്നു.

1.സ്വന്തമായി സ്ഥലം ഇല്ലാത്ത വ്യക്തി കുടിവെള്ള കിണർ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

2. പഞ്ചായത്ത് ധനസഹായം ഉപയോഗിച്ച് കിണർ കുത്താൻ ബുദ്ധിമുട്ടാണെന്ന് ഗുണഭോക്താക്കൾ അറിയിച്ചു.

3.സ്ഥലത്ത് പാറ ആയത് കൊണ്ട് കിണർ കുത്താൻ സാധിക്കില്ല എന്ന് ഗുണഭോക്താക്കൾ അറിയിച്ചു.

4. മുൻ വർഷങ്ങളിൽ ഇതേ ഇനത്തിന് സഹായം ലഭിച്ച വ്യക്തികൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

5. പട്ടിക ജാതി അല്ലാത്ത വ്യക്തി പട്ടിക ജാതിക്കാർക്കായുള്ള പ്രൊജക്റ്റുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

6.നിലവിൽ പൈപ്പ് കണക്ഷൻ ഉള്ള ഗുണഭോക്താവ് പൈപ്പ് കണക്ഷനുള്ള പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

7. പുറമ്പോക്കിൽ താമസിക്കുന്നവരും പട്ടയമോ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റോ ഇല്ലാത്തവർ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

8. വിധവയല്ലാത്ത വ്യക്തികൾ വിധവകൾക്കു വേണ്ടിയുള്ള പ്രൊജക്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

9. പുരുഷൻമാർ വിധവകൾക്കു വേണ്ടിയുള്ള പ്രൊജക്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

10. രണ്ട് നില വീടുള്ള വ്യക്തി വീട് പുനരുദ്ധാരണത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

11.വരുമാന പരിധിക്കുള്ളിൽ വരാത്തവർ ലിസ്ററിൽ ഉൾപ്പെട്ടിരിക്കുന്നു.

12. ഐ.എ.വൈ പദ്ധതി പ്രകാരം വീട് പണിയുന്ന വ്യക്തിയും 2015-16 ൽ വീട് ലഭിച്ച വ്യക്തിയും ഭവനപരിഷ്കരണത്തിന്റെ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നു.

മേൽ അപാകതകളുള്ള വ്യക്തികൾക്കൊന്നും പഞ്ചായത്ത് ധനസഹായം നൽകിയതായി കാണുന്നില്ല.ഈ കാര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രത്യേകിച്ച് വി.ഇ.ഒ മാർ പുലർത്തിയ ജാഗ്രത അഭിനന്ദനീയമാണ്.അതേ സമയം ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സ്വീകരിച്ച അലസത ഒഴിവാക്കേണ്ടതുമാണ്.നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട മാർക്ക് ലിസ്റ്റോട് കൂടിയ കരട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടും ഓഡിറ്റിൽ

ഹാജരാക്കിയില്ല എന്നത് ഇത്തരത്തിലുള്ള പ്രവർത്തനം പഞ്ചായത്തിൽ കാര്യക്ഷമമായി നടന്നിട്ടില്ല എന്നതിലേക്കാണ് വിരൽ ചൂണ്ടുന്നത്.മാത്രമല്ല പല പദ്ധതികളെപ്പറ്റിയും പൊതുജനത്തിന് വ്യക്തമായ അവബോധം ഇല്ലായിരുന്നു എന്നും വ്യക്തമാകുന്നു.ഈ സാഹചര്യത്തിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച് താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ പഞ്ചായത്തിന്റെ പൊതുനൻമക്കായി ഓഡിറ്റ് മുന്നോട്ട് വയ്ക്കുന്നു.

1. മാർക്ക് ലിസ്റ്റ് സഹിതമുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് ഗുണഭോക്തൃ ലിസ്റ്റ് സൂക്ഷിക്കേണ്ടതും ആവശ്യപ്പെടുമ്പോൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

2. പരമാവധി ഗ്രാമസഭകളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ നേരിട്ട് പങ്കെടുത്ത് പദ്ധതികളെപ്പറ്റി വ്യക്തമായ നിർദ്ദേശം നൽകാൻ ശ്രമിക്കുക.

3. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നേരിട്ട് പങ്കെടുക്കാൻ അസൗകര്യമുള്ള സാഹചര്യത്തിൽ ഗ്രാമസഭയിൽ പദ്ധതികളെക്കുറിച്ച് അവബോധം നൽകാൻ പാകത്തിലുള്ള ചെറിയ കുറിപ്പുകളോ സാദ്ധ്യമാണെങ്കിൽ ഓവർ ഹെഡ് പ്രൊജക്റ്റർ പോലെയുള്ള ഉപകരണങ്ങൾ ഉപയോഗിച്ചോ ജനങ്ങൾക്ക് കൃത്യമായ ധാരണ നൽകാൻ ശ്രമിക്കുക

4.ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് നിർബ്ബന്ധമായും പഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുക.

5. ഏതെങ്കിലും സാഹചര്യത്തിൽ ഗുണഭോക്തൃ ലിസ്റ്റിലെ മുന്നിലുള്ള വ്യക്തി ധനസഹായം സ്വമേധയാ കൈപ്പറ്റുന്നില്ലെങ്കിൽ ആയത് രേഖാമൂലം എഴുതി വാങ്ങുകയും ബന്ധപ്പെട്ട ഗ്രാമസഭയിൽ അറിവിലേക്കായി അറിയിക്കേണ്ടതുമാണ്.

6.വിവിധ പ്ളാന്റേഷൻ എസ്റ്റേറ്റുകൾ അയ്യമ്പുഴ പഞ്ചായത്തിന്റെ പ്രത്യേകതയാണ്.വരുമാന പരിധിക്ക് തൊട്ടു മുകളിൽ വരുന്നതിനാൽ ഇത്തരത്തിൽപ്പെട്ട പലർക്കും വിവിധ സഹായങ്ങൾ കിട്ടുന്നതിൽ നിന്നും തടയുന്നുവെന്ന് വിവിധ ഗ്രാമസഭ മിനിട്സുകളിൽ കാണുന്നു.പ്രസ്തുത വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 04.04.1997 ലെ ഒ.പി.നം.18175/1996 എന്ന കേസിലെ വിധിയിലെ രണ്ട് പ്രധാനപ്പെട്ട സംഗതികൾ പഞ്ചായത്തിനെ ഓർമ്മിപ്പിക്കുന്നു. ഗ്രാമസഭയ്ക്കാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് ഗുണഭോക്താക്കളെ അംഗീകരിക്കാൻ മാത്രമേ കഴിയൂ എന്നതും ഗുണഭോക്താക്കളുടെ പക്ഷപാതപരമായ തെരഞ്ഞെടുക്കൽ ഭാരത ഭരണഘടനയുടെ അന്തസത്തയായ സമത്വാവകാശത്തിന്റെ ലംഘനമായിരിക്കുമെന്നും പ്രസ്തുത വിധിന്യായത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു.

ഗുണഭോക്തൃ തെരഞ്ഞെടുക്കൽ സുതാര്യവും കുറ്റമറ്റരീതിയിലും ആക്കി തീർക്കാൻ വേണ്ട സാധ്യമായ നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

## 3-2 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി-സബ്സിഡി പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നില്ല.

അയ്യമ്പുഴ ഗ്രാമ പഞ്ചായത്ത് 2014-15,2015-16 എന്നീ സാമ്പത്തിക വർഷങ്ങളിൽ ആരംഭിച്ചതും ഇപ്പോഴും തുടർന്ന് പോരുന്നതുമായ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിലെ ( Special Livestock Breeding Programme) സബ്സിഡി തുക വിവിധ കാരണങ്ങൾ കൊണ്ട് ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. കിടാരിയുടെ മരണം, ഗുണഭോക്താക്കൾ സ്വമേധയാ കാലിത്തീറ്റ വാങ്ങാതിരിക്കുന്നത് എന്നിവയാണ് പ്രധാനകാരണങ്ങൾ. ഇങ്ങനെയുള്ള ഗുണഭോക്താക്കളുടെ സബ്സിഡി തുക പ്രൊജക്റ്റ്

ഓഫീസറുടെ ബാങ്ക് അക്കൗണ്ടിൽ ഉപയോഗിക്കപ്പെടാതെ സൂക്ഷിക്കപ്പെട്ടിരിക്കുകയാണ്.

SLBP ( 2014-15 )

| ക്രമനം. | പേര് | വിനിയോഗിക്കപ്പെടാത്ത സബ്സിഡി തുക(പ്രോജക്ട് ഓഫീസറുടെ പക്കൽ ഉള്ളത്) | വിനിയോഗിക്കപ്പെടാത്തതിന് കാരണം |
|---|---|---|---|
| 1 | മേരി ജോസ് | 2765 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 2 | ലീലാമ്മ ജോസ് | 3020 | കിടാരി മരണപ്പെട്ടു |
| 3 | പ്രസന്ന മോഹനൻ | 2096 | കിടാരി മരണപ്പെട്ടു |
| 4 | ഷാലി ജോളി | 5889 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 5 | കാവലൻ.വി.ഒ | 5985 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 6 | മേരി ഉറുമീസ് | 4550 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 7 | പി.വി.ആന്റു | 6113 | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 8 | ടി.എം.വർക്കി | 1872 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 9 | എം.വി.ആന്റണി | 3020 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 10 | ബാബു | 1525 | കിടാരി ഗർഭിണിയായി |
| 11 | തോമസ്.കെ.വി | 2191 | കിടാരി ഗർഭിണിയായി |
| 12 | മനോഹരൻ.ഇ.എൻ | 4550 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 13 | ഇ.വി.ഉണ്ണികൃഷ്ണൻ | 5156 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 14 | തങ്ക ബാലൻ | 4869 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 15 | ജോസഫ് | 4965 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |

| | | | |
|---|---|---|---|
| 16 | ഇ.വി.ഭാസ്കരൻ | 2099 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 17 | കെ.കെ.വിശ്വനാഥൻ | 3179 | കാരണം രേഖപ്പെടുത്തിയിട്ടില്ല |
| 18 | റോസിലി തോമസ് | 4965 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 19 | ഗ്രേസി ജോസഫ് | 1907 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 20 | സിജി ഡേവിസ് | 4933 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| | ആകെ | 75649 | |

SLBP ( 2015-16 )

| ക്രമനം. | പേര് | വിനിയോഗിക്കപ്പെടാത്ത സബ്സിഡി തുക | വിനിയോഗിക്കപ്പെടാത്തതിന് കാരണം |
|---|---|---|---|
| 1 | രാമകൃഷ്ണൻ എൻ.എൻ | 6101 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 2 | ഷൺമുഖൻ | 5719 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 3 | പി.വി.കുമാരൻ | 5782 | കിടാരി മരണപ്പെട്ടു |
| 4 | നന്ദിനി വിജയൻ | 5973 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 5 | ദിനീഷ്.ടി.സി | 5304 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 6 | സാന്റോ.കെ.ജി | 5303 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 7 | മേരി ജോസ് | 5559 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 8 | ബേബി.എം.ജി | 6101 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 9 | ദേവസ്സിക്കുട്ടി | 5558 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |
| 10 | ശാരദ വിജയൻ | 6101 | ഗുണഭോക്താവ് സ്വമേധയാ അവസാനിപ്പിച്ചു |

| | | | |
|---|---|---|---|
| | ആകെ | 57501 | |

മേൽ സബ്സിഡി തുക മുഴുവനായും പ്രൊജക്ട് ഓഫീസറുടെ പക്കൽ തുടക്കത്തിലെ തന്നെ നിക്ഷേപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ വിനിയോഗിക്കാത്ത സബ്സിഡി തുകയായ 1,33,150 (75649+57501) രൂപ പഞ്ചായത്തിൽ ലഭ്യമാക്കാനോ വരും വർഷങ്ങളിലെ സമാന പദ്ധതിയിലേക്ക് അഡ്ജസ്റ്റ് ചെയ്യാനോ വേണ്ട നടപടികൾ നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ സ്വീകരിക്കേണ്ടതാണ്. മാത്രമല്ല വളരെയധികം ഗുണഭോക്താക്കൾ അകാരണമായി പദ്ധതിയുടെ സഹായം സ്വമേധയ അവസാനിപ്പിക്കുന്നതിന്റെ കാരണങ്ങൾ ഫീൽഡ് പരിശോധന നടത്തി മനസ്സിലാക്കുന്നത് പ്രസ്തുത പദ്ധതിയുടെ തുടർപ്രവർത്തനത്തിന് ഗുണകരമായിരിക്കും.

.

## 3-3 മൂലേപ്പാറ കുടിവെള്ള പദ്ധതി, പൊതു ടാപ്പുകൾ എന്നിവയുടെ വെള്ളക്കരം അടവ് - അപാകത

ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ചെലവു കണക്കുകൾ പരിശോധിച്ചപ്പോൾ പ്രതിമാസം 308 ടാപ്പുകളുടെ വെള്ളക്കരം 5250 രൂപ നിരക്കിൽ 134750 രൂപ വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്നതായി കാണുന്നു.എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം 70 ടാപ്പുകൾ മാത്രമാണ് ഉള്ളത്.വാട്ടർ അതോറിററിയുമായി ചേർന്ന് പൊതു ടാപ്പുകളുടെ സംയുക്ത പരിശോധന അടിയന്തിരമായി നടത്തി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

മേല്പറഞ്ഞതു കൂടാതെ ഗ്രാമപഞ്ചായത്ത് പ്രതിമാസം കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകളും വഹിക്കുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ കറണ്ട് ചാർജിനത്തിൽ 852593രൂപയും ഓപ്പറേറർമാരുടെ വേതനമായി 303750രൂപയും ചെലവഴിച്ചിട്ടുണ്ട്. വാട്ടർ അതോറിററിയ്ക്ക് വെള്ളക്കരം ഒടുക്കുന്നതോടൊപ്പം ആയതിന്റെ കറണ്ട് ചാർജും അടയ്ക്കുന്ന സാഹചര്യം ഉണ്ടാകുന്നുണ്ടോ എന്ന് പരിശോധിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-4 മുൻകൂർ പണം നല്കി-മരുന്ന് ലഭിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നടപ്പാക്കിയ വൃദ്ധർക്കു മരുന്നു വാങ്ങൽ എന്ന പദ്ധതി മാർഗരേഖയ്ക്കു വിരുദ്ധമാണ്. മാത്രമല്ല പ്രസ്തുത പദ്ധതിപ്രകാരം KMCLനു നല്കിയിട്ടുള്ള 2ലക്ഷം രൂപയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടുമില്ല. (pro.no.so163/17,billno.6/16-17/22.03.2017).

pro.no.so162/17,billno.1/16-17/12.03.2017പ്രകാരം ഹോമിയോ ആശുപത്രിയ്ക്ക് ആവശ്യമായ മരുന്ന് വാങ്ങുന്നതിനായി ആലപ്പുഴയിലുള്ള HOMCO എന്ന സ്ഥാപനത്തിന് 75000 രൂപ നല്കിയിട്ടുള്ളതാണ്. 7.6.17ൽ 55540 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആലപ്പുഴയിലുള്ള HOMCO എന്ന സ്ഥാപനത്തിനു നല്കിയിട്ടുള്ള തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തൻ വർഷം 2.12കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് പ്രവൃത്തി ചെയ്യുന്നതിനാണ്. ഭൂരിപക്ഷം

പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയ്യുന്നത്. കോൺക്രീറ്റ് ചെയ്യുന്ന റോഡുകളുടെ ആകെ നീളമോ കോൺക്രീറ്റ് ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എംബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്ന പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച് ഭാഗം മാത്രം മെയിന്റനൻസ് ചെയുന്നു. ഓരോ വർഷവും പുതിയ പ്രൊജക്ടായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

പഞ്ചായത്തിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ വാങ്ങിയ ബില്ല് കരാറുകാരൻ ഹാജരാക്കിയിട്ടില്ല. മാത്രമല്ല ബിറ്റുമിൻ വാങ്ങിയ ബില്ല് ഹാജരാക്കാത്തതിനാൽ ഏത് ഇനം ബിറ്റുമിനാണ് വാങ്ങിയത് എന്ന് വ്യക്തമല്ല. എന്നിരുന്നാലും VG 10 പ്രകാരമുള്ള തുക കണക്കാക്കിയാണ് ഡാറ്റ തയാറാക്കിയിരിക്കുന്നത്.

പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടേയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എംബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതു മാണ്.

.

## 3-6 ലെവലിങ്ങ് കോഴ്സ് പ്രവൃത്തി - അധിക നിരക്ക് നൽകി.

ഗ്രാമ പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ അസ്സി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ റീ-ടാറിംഗ് പ്രവൃത്തികളിൽ 53mm to 22.4mm മെറ്റൽ ഉപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം വരെ തദ്ദേശ സ്വയം ഭരണ വകുപ്പിലെ റീ-ടാറിംഗ് പ്രവൃത്തികളിൽ ചെയ്തിരുന്ന ബിറ്റുമിൻ ലെവലിങ്ങ് കോഴ്സിലെ 36mm മെറ്റലിനു പകരം DSR ലെ 53mm to 22.4mm മെറ്റലിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. 53mm to 22.4mm മെറ്റലിന് CPWD (DSR) ഇനം 16.3.3 പ്രകാരം 1882.7രൂപ/m3 (with CP+OH) രൂപയും ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് പ്രവൃത്തിക്ക് 2277.3രൂപ/m3 (CP+OH) നിരക്കുമാണ് നൽകിയിട്ടുള്ളത്. രണ്ട് ഐറ്റത്തിനും കൂടി 1m3 ന് 4160/- രൂപ നൽകിയിരിക്കുന്നു. അതായത് ഒരു ചതുരശ്രമീറ്ററിന് 416/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.02.2014 തിയതിയിലെ DB-3/6512/2013/CE/LSGD നമ്പർ സർക്കുലർ പ്രകാരം CPWD ഡാറ്റയിലെ അദ്ധ്യായം 16 ഉം MoRD സ്പെസിഫിക്കേഷനുമാണ് വാഹന ബാഹുല്യം കുറവായതും വീതി കുറഞ്ഞതുമായ ഗ്രാമീണ റോഡുകൾക്ക് ഉപയോഗിക്കാവുന്നത്. ഇതു പ്രകാരം MoRD 506(specification code: 75.5.5.B.2pb) പ്രകാരമുള്ള Construction of Penetration Macadam 75mm thick ത്തിന്റെ നിരക്കായ 320.54രൂപയാണ് 1m2 ന് കുഴിയടക്കൽ പ്രവൃത്തികൾക്ക് പരമാവധി നൽകാവുന്നത്. ("പ്രൈസ്" സോഫ്റ്റ് വെയർ പ്രകാരം നിശ്ചയിച്ചിട്ടുള്ളത്)

ആയതിനാൽ ഒരു ചതുരശ്രമീറ്ററിന് 95.60/- രൂപ അധികം നൽകിയിട്ടുണ്ട്

ടി ന്യൂനതകൾ മൂലം കൺവീനർക്ക് അധിക തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | പ്രൊജക്ട് | കൺവീനർ | എം ബുക്ക് | ബിൽ നം / ചെലവഴിച്ച തുക | ലെവലിംഗ് കോസ്റ്റ് /നൽകിയ തുക(@ 4160/$m^3$) | അധികം നൽകിയ തുക-(95.6/$m^2$) |
|---|---|---|---|---|---|---|
| മഞ്ഞപ്ര പ്ലാന്റേഷൻ റോഡ് റിടാറിംഗ് | 32/17 | പോൾ പി .പി | 19/15-16 | 33/16-17/ 6,50,629 30/12/16 | 16$m^3$- 66560 | 160$m^2$ Rs.15,296 |
| കട്ടിംഗ് കുന്തിരി റോഡ് റിടാറിംഗ് | 43/17 | കെ എസ് . പോളി | 8/15-16 | 30/16-17 Rs.2,72240 30/12/16 | 13.27$m^3$/ Rs.55,203 | 132.7 $m^2$ Rs.12,686 |
| കണ്ണിമംഗലം പ്ലാന്റേഷൻ നബാർഡ് റോഡ് റിടാറിംഗ് | 41/17 | പി.ജെ ജോസ് | 13/15-16 | 15/16-17 /19-10-16 Rs. 5,49,997 | 30.5$m^3$ – Rs.126880 | 305$m^2$ Rs.29,158 |
| ആകെ നഷ്ടം | | | | | | 57,778 |

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(നം. 2/24.10.17) മറുപടി ലഭിച്ചില്ല. അധികം നൽകിയ 57,778/- രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 <u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - കോൺക്രീറ്റ് കട്ട നിർമാണം</u>

ഐ. എ. വൈ പദ്ധതി പ്രകാരം വീട് പണിയുന്നവർക്ക് സൗജന്യമായി കോൺക്രീറ്റ് കട്ട നിർമ്മിച്ച് നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 1:3:6 അനുപാതത്തിൽ കോൺക്രീറ്റ് ഉപയോഗിച്ച് 30x20x15സെ.മി. വലുപ്പമുള്ള കട്ടകളാണ് നിർമിച്ചത്. ഏഴ് പ്രൊജക്ടുകളിലായി 26397 എണ്ണം കോൺക്രീറ്റ് കട്ട നിർമിച്ചതിന് 14,52,427/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇപ്രകാരം ഒരു കോൺക്രീറ്റ് കട്ട നിർമിച്ചതിന് 55/- രൂപ ചെലവ് വരുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എല്ലാ കട്ടകളും ഇഷ്യൂ ചെയ്തിട്ടുണ്ട്. മാർക്കറ്റ് വില പ്രകാരം ഈ അളവിലുള്ള ഒരു കോൺക്രീറ്റ് കട്ടയ്ക്ക് 30/- രൂപയിൽ താഴെ മാത്രം വിലയുള്ളപ്പോൾ 55/- രൂപ ചെലവഴിച്ച് കോൺക്രീറ്റ് കട്ട നിർമ്മിച്ചതിന്റെ ആവശ്യകത വ്യക്തമല്ല. ഈ പ്രവൃത്തിയുടെ ആകെ ചെലവിന്റെ 30% മാത്രമാണ് ലേബർ കംപോണന്റ്. ബാക്കി 70% മെറ്റീരിയൽ കോസ്റ്റ് ആണ്. ഇതിൽ നിന്നും ചെലവിൽ ചെറിയ ഭാഗം മാത്രമാണ് കൂലിയായി ചെലവഴിക്കപ്പെട്ടിട്ടുള്ളത് എന്നു കാണാം. ആയതിനാൽ ഈ പദ്ധതി നടത്തിപ്പുകൊണ്ട് കാര്യമായ തൊഴിൽ സൃഷ്ടിക്കപ്പെട്ടിട്ടുമില്ല എന്ന് വ്യക്തമാണ്. പഞ്ചായത്ത് ഇഷ്യൂ ചെയ്ത കട്ടകൾ ഗുണഭോക്താക്കൾക്ക് ലഭിച്ചതായുള്ള കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല. മാത്രമല്ല ഗുണഭോക്താക്കൾ ആവശ്യപ്പെട്ടതിൽ കൂടുതൽ കട്ടകൾ നൽകിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആകെയുള്ള ഏഴ് പ്രൊജക്ടുകളിൽ ആറെണ്ണത്തിനും മെറ്റീരിയൽ

വാങ്ങിയ ബില്ല് ഹാജരാക്കിയിട്ടില്ല. മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. വിഷയത്തിൽ സാധ്യമായ അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിൽ ധരിപ്പിക്കേണ്ടതാണ്.

## 3-8 പാലിയേററീവ് വാഹന വാടക- ആദായനികുതി ഈടാക്കണം

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം പാലിയേററീവ് പരിചരണവുമായി ബന്ധപ്പെട്ട് വാഹനത്തിനു കരാർ ഏറ്റെടുത്ത ശ്രീ ദേവസി എന്ന ആൾക്ക് ഓരോ പ്രവൃത്തി ദിവസത്തിനും 1000 രൂപ നിരക്കിൽ 155000 രൂപ മെഡിക്കൽ ഓഫീസർ നല്കിയപ്പോൾ ആദായനികുതി നിയമം വകുപ്പ് 194 (സി) അനുശാസിക്കുന്ന 1% നികുതി ഈടാക്കിയിട്ടില്ല.തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം./തീയതി | തുക |
|---|---|
| 1/16-17/27.1016 | 63000 |
| 3/16-17/22.3.17 | 26000 |
| 4/16-17/22.3.17 | 27000 |
| 7/16-17/27.3.17 | 39000 |

ആയതിനാൽ ആദായനികുതിയിനത്തിൽ ഈടാക്കേണ്ട 1550/- രൂപ ഈടാക്കി സർക്കാരിലേക്ക് അടക്കേണ്ടതാണ്.

## 3-9 ക്ഷേമ പെൻഷനുകൾ-വിതരണം -കാര്യക്ഷമമല്ല.

അയ്യമ്പുഴ ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം നടത്തിയ ക്ഷേമ പെൻഷനുകളുടെ വിതരണം -കാര്യക്ഷമമല്ല. ക്ഷേമ പെൻഷനുകളിൽ 106 എണ്ണത്തോളം invalid account number,no such account,affidavit not entered എന്നിങ്ങനെ വിവിധകാരണങ്ങൽ വിതരണം ചെയ്തിട്ടില്ല.ഇത്തരം കേസുകളിൽ അടിയന്തിരമായി അന്വേഷണം നടത്തി അപാകതകൾ പരിഹരിച്ച് വിതരണം പൂർണ്ണമാക്കേണ്ടതാണ്.

## 3-10 ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ പൂർണ്ണമായി വിനിയോഗിക്കുന്നില്ല

ഐ.സി.ഡി.എസ് സെൻട്രൽ ഷെയർ പൂർണ്ണമായി വിനിയോഗിക്കുന്നില്ല. 2016-17 സാമ്പത്തിക വർഷം അങ്കണവാടി പോഷകാഹാരത്തിന് ആകെ ചെലവായത് 8,90,586 രൂപയാണ്.ഇതിൽ 5,45,665 രൂപ വികസനഫണ്ടും 3,44,921 രൂപ കേന്ദ്ര വിഹിതവുമാണ്.യഥാക്രമം 61 ശതമാനവും 39 ശതമാനവും.കേന്ദ്ര വിഹിതത്തിന്റെ വിനിയോഗം താഴെ കൊടുക്കുന്നു.

| | |
|---|---|
| മുൻബാക്കി | 2,87,788 |
| തൻവർഷം വരവ് | 7,16,602 |
| ആകെ- | 10,04,390 |
| തൻവർഷം ചെലവ്- | 3,44,921 |
| നീക്കി ബാക്കി- | 6,59,469 |

2009-10 മുതൽ പോഷകാഹാര പദ്ധതിയുടെ കേന്ദ്ര -സംസ്ഥാന നിരക്ക് 50-50 ആണ്.സംസ്ഥാന വിഹിതം തദ്ദേശ ഭരണ സ്ഥാപനങ്ങൾ വഴിയാണ് നൽകുന്നത്. ഇവിടെ തൻ വർഷം പ്രസ്തുത നിരക്ക് പാലിച്ചില്ല എന്ന് മാത്രമല്ല മുൻവർഷങ്ങളിലേതായി വൻതുക വിനിയോഗിക്കാതിരിന്നിട്ടുമുണ്ട്. കേന്ദ്ര പദ്ധതിയുടെ സംസ്ഥാന കേന്ദ്ര വിഹിതത്തിന്റെ വിനിയോഗത്തിൽ വരുന്ന കുറവ് ഭാവിയിൽ ഈ ഇനത്തിന്റെ അലോട്ട്മെന്റിൽ കുറവ് സംഭവിക്കാനുള്ള സാദ്ധ്യതയും സൃഷ്ടിക്കുന്നു. മാത്രമല്ല ഒരു പ്രത്യേക ഫണ്ടായ കേന്ദ്രവിഹിതത്തിന് പകരം മറ്റ് പല ആവശ്യങ്ങൾക്കും വിനിയോഗിക്കാവുന്ന വികസനഫണ്ട് ഉപയോഗിക്കുന്നത് ഉത്തമമായ ധനവിനിയോഗ രീതിയല്ല. കൂടാതെ അയ്യമ്പുഴ പഞ്ചായത്തിലെ ഐ.സി.ഡി.എസ് കേന്ദ്ര വിഹിതത്തിലെ 1,77,674 രൂപ ജോയിന്റ് വെഞ്ച്വർ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചതായി കാണുന്നു. ആയത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് (ട്രഷറി/ബാങ്ക്) മാറ്റി നിക്ഷേപിക്കേണ്ടതാണ്.

.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 72,000 | 28,000 |
| ജില്ലാ പഞ്ചായത്ത് | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് പഠനസഹായം | 1,00,000 | - |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

2016-17 ഓഡിറ്റു വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പുള്ളോപ്പാറ റോഡ് പൈപ്പ് ലൈൻ നീട്ടൽ | D.D no-051194/22.12.2016 | 1,27,000 | 1,27,000 |
| കേരള വാട്ടർ അതോറിറ്റി | പാണ്ടുപാറ പാവടി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 21601026/051437 /31.12.2016 | 55,000 | 55,000 |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 40,679/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014-15 | 3-1 | 38,459 | | 11602101199/22.11.16 |
| 2015-16 | 2-1 | 2,220 | ബ്ളാക്ക് ഡയമണ്ട് റോക്ക് പ്രൊഡക്ട്സ് | 11602101777/08.03.17 |
| | | 40,679 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല

.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,31,42,271 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,22,58,724 |
| വരവിനങ്ങളിലുള്ള നഷ്ടം | 34617 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 57,778 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | -- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവു നഷ്ടം | ചെലവു നഷ്ടം | |
| 2-2 | 34617 | -- | ശ്രീ. സി. മണികണ്ഠൻ,<br>സെക്രട്ടറി,<br>അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് |
| 3-6 | | 57,778 | ശ്രീമതി. സൗമ്യ .പി.<br>അസ്സിസ്റ്റന്റ് എൻജിനിയർ,<br>അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് |
| ആകെ | 34617 | 57,778 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല.

.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1550 | ഡോ. രേണുക. പി.,<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മണികണ്ഠൻ, സെക്രട്ടറി | സെക്രട്ടറി ,<br>അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് | സി. മണികണ്ഠൻ,<br>അമ്പാട്ട് വീട്, |

| | | |
|---|---|---|
| | | മൂക്കന്നൂർ പി.ഒ |
| സൗമ്യ പി,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് | സൗമ്യ പി.,<br>ബ്ലായിൽ ഹൗസ്<br>(Blayil)<br>മറ്റൂർ പി.ഒ, കാലടി |
| ഡോ. രേണക. പി,<br>മെഡിക്കൽ ഓഫീസർ,<br>പി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>അയ്യമ്പുഴ | ശ്രീവിഹാർ, 50/120A<br>പോണേവഴി<br>AIMS P.O,<br>Kochi -41 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1985-86 | എൽ.എഫ്.ഇ(പി5)256/89/ 22.05.1989 |
| 1986-87 | എൽ.എഫ്.ഇ(പി5)518/90/ 07.12.1990 |
| 1987-88 | എൽ.എഫ്.ഇ(പി5)666/91/ 06.05.1991 |
| 1988-891989-90 | എൽ.എഫ്.ഇ(പി7)172/93/ 13.05.1994 |
| 1990-911991-92 | എൽ.എഫ്.ഇ(പി7)1328/94/ 03.04.1995 |
| 1992-931993-94 | എൽ.എഫ്.ഇ(പി 7)1376/95/ 07.11.1995 |
| 1998-99 | എൽ.എഫ്.ഇ(പി4)319/01/ 17.07.2001 |
| 1999-2000 | എൽ.എഫ്.ഇ(പി4)214/02/ 04.02.2003 |
| 2000-01(ചെലവ്) | എൽ.എഫ്.ഇ(പി4)209/05/ 06.10.2005 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ(പി4)210/05/ 06.10.2005 |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി4)795/07/<br>12.02.2008/05.04/2008 |
| 2002-03 | എൽ.എഫ്.ഇ(പി4)661/09/<br>15.12.2009/15.03.2010 |
| 2003-04 | എൽ.എഫ്.ഇ(പി4)662/09/<br>15.12.2009/15.03.2010 |
| 2004-05 | എൽ.എഫ്.ഇ(പി4)1209/09/<br>04.02.2010/14.05.2010 |
| 2005-06 | എൽ.എഫ്.ഇ(പി4)1210/09/<br>21.01.2010/04.05.2010 |
| 2006-07 | എൽ.എഫ്.ഇ(പി4)1211/09/<br>04.07.2010/04.05.2010 |
| 2007-08,2008-09,<br>2009-10&2010-11 | എൽ.എഫ്.ഇ(പി4)1390/12/ 01.09.2012/12<br>/10.2012 |
| 2011-12 | എൽ.എഫ്.ഇ(പി4)1636/2013/<br>19.09.2013/10.10.2013 |
| 2012-13 & 2013-14 | എൽ.എഫ്.ഇ(പി4)515/2015/<br>28.05.15/16.07.15 |
| 2014-15 | കെ.എസ്.എ-ഇ.കെ.എം (പി1) 1248/16/3.8.16<br>/6.8.16 |

| | |
|---|---|
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി4) 2246/2016 /19.1.17 |

.

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ

.

**<u>അനുബന്ധം-1</u>**

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-ഇ.കെ.എം(പി.4)2034/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 30-11-2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അയ്യമ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

.

# APPENDIX – I

# AUDIT CERTIFICATE – 2016-17

No.KSAEKM(P.4)20342017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad –

682030
Phone : 0484 - 2422271
e-mail
:doekm.ksad@kerala.gov.in
Date : 30.11.2017

Certified that I have audited the Annual Financial Statement of Ayyampuzha Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ayyampuzha Grama Panchayath for the year 2016-17 properly presents the picture of income and expenditure.

Deputy Director